# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(സാന്നിദ്ധ്യം : ശ്രീ. വി. എൻ. ജിതേന്ദ്രൻ)

ഉത്തരവ് നമ്പർ. ഇ11- 20/15 തീയതി : 10 -03-2015.

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് - I തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം/സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- (1) ജി.ഒ.(പി) നം. 23/2010/SWD തീയതി. 30/03/2010

(2) ജി.ഒ.(പി) നം. 77/2012/SJD തീയതി. 27/12/2012

(3) 17/12/2014 ലെ സാമൂഹ്യനീതി ഡയറക്ടറുടെ ഇ11 -40374/14 നമ്പർ നടപടിക്രമങ്ങൾ.

(4) 06-01-2015 ലെ ഇ9/28000/2014/ DSJ(2) നമ്പർ സെലക്ട് ലിസ്റ്റ്.

(5) സാമൂഹ്യനീതി ഡയറക്ടറുടെ 13-01-2015 ലെ ഇ11/20/15 നമ്പർ നടപടിക്രമങ്ങൾ.

സാമൂഹ്യനീതി വകുപ്പിൽ പരാമർശം (1) പ്രകാരം 30/03/2010 തീയതി പ്രാബല്യത്തിൽ വന്ന കേരള സോഷ്യൽ വെൽഫെയർ സർവ്വീസ് വിശേഷാൽ ചട്ടം കാറ്റഗറി 8 ൽ ഉൾപ്പെടുന്ന സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് I/ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് I/ ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ് I/ മേഖലാ സ്ത്രീധന നിരോധന ഓഫീസർ എന്നീ തസ്തികകളിലേയ്ക്ക് പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വിശേഷാൽ ചട്ട ഭേദഗതി ഖണ്ഡിക 2(g) അനുസരിച്ച് 1 : 2 : 1 എന്ന അനുപാതത്തിൽ വിവിധ ഫീഡർ കാറ്റഗറികൾക്കായി ഉദ്യോഗക്കയറ്റം നിജപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് മേൽപ്പറഞ്ഞ തസ്തികകളിൽ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുള്ള 9 ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് - I തസ്തികകൾ 1 : 2 : 1 എന്ന അനുപാതത്തിൽ 3, 4, 2 എണ്ണത്തിൽ വിവിധ ഫീഡർ കാറ്റഗറി വിഭാഗങ്ങളിൽ, സ്ത്രീകളുടെ കേഡർ സ്ട്രെങ്ത് പാലിക്കണമെന്ന് പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിൽ മൂന്നാം ഫീഡർ കാറ്റഗറിയായ ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ് I I/സോഷ്യൽ സയന്റിസ്റ്റ്/ സൂപ്പർവൈസർ VTC തുടങ്ങിയ തസ്തികകളിൽ സേവനമനുഷ്ഠിച്ചു വരുന്ന നിശ്ചിത യോഗ്യതയുള്ളവരായ ജീവനക്കാരെ കാറ്റഗറി 8 ൽ ഉൾപ്പെടുന്ന തസ്തികകളിലേക്ക് ഉദ്യോഗക്കയറ്റം മുഖേന നിയമിക്കുന്നതിന് നാലാം പരാമർശിത സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുണ്ടായി.

(2) രണ്ടാം പരാമർശിത വിശേഷാൽ ചട്ട ഭേദഗതി ഉത്തരവ് പ്രകാരം കാറ്റഗറി 8 ലെ ആകെ കേഡർ സ്ട്രെങ്ത് ആയ 37 തസ്തികകളെ വിശേഷാൽ ചട്ട ഭേദഗതി അനുപാതം പ്രകാരം 1 : 2 : 1 എന്ന ക്രമത്തിൽ വിഭജിക്കുമ്പോൾ മൂന്നാം വിഭാഗത്തിന്

(ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ് I I/സോഷ്യൽ സയന്റിസ്റ്റ്/ സൂപ്പർവൈസർ VTC തുടങ്ങിയ ) 9 തസ്തികകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് - I ആയിരുന്ന ശ്രീ. സി. ജെ. ജെയിംസ് 28/02/2015 ന് വിരമിച്ചതിനെ തുടർന്ന് ഈ വിഭാഗത്തിൽ നിലവിൽ ഒരു ഒഴിവുണ്ട്. നിലവിൽ അഞ്ച് ജീവനക്കാരാണ് മൂന്നാം വിഭാഗത്തിൽ നിന്നും കാറ്റഗറി 8 ൽ ഉദ്യോഗക്കയറ്റം മുഖേന സേവനമനുഷ്ഠിച്ചു വരുന്നത്. പരാമർശം (4) പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള സെലക്ട് ലിസ്റ്റിലെ ക്രമനമ്പർ 1 ലെ ജീവനക്കാരന് പരാമർശം (5) പ്രകാരം ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്. 2014 വർഷത്തേക്കാണ് സെലക്ട് ലിസ്റ്റ് തയ്യാറാക്കിയതെങ്കിലും KS & SSR ചട്ടം 28 (ബി) (i) 9 പ്രകാരം പുതിയ ഒരു സെലക്ട് ലിസ്റ്റ് നിലവിൽ വരുന്നതുവരെ നിലവിലുള്ള സെലക്ട് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ നാലാം പരാമർശിത സെലക്ട് ലിസ്റ്റിലെ ക്രമ നമ്പർ 2 ആയ ശ്രീ. കെ. അശോകൻ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് - I തസ്തികകയിൽ നിലവിലുള്ള ഒഴിവിലേക്ക് ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് അർഹനാണ്.

(3) മേൽ വിവരിച്ച പ്രകാരം ശ്രീ. കെ. അശോകന്റെ സ്ഥാനക്കയറ്റത്തിന് മുന്നോടിയായി, ജീവനക്കാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിലും ഭരണപരമായ സൗകര്യാർത്ഥവും ചുവടെ ചേർക്കും പ്രകാരം സ്ഥലംമാറ്റം അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>സ്ഥലംമാറ്റം</u> :

| ക്രമ നമ്പർ | ജീവനക്കാരന്റെ പേരും തസ്തികയും ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയവും | സ്ഥലംമാറ്റം നൽകി നിയമിക്കുന്ന തസ്തികയും കാര്യാലയവും | അഭിപ്രായം/ ചുമതല ക്രമീകരണം |
|---|---|---|---|
| 1 | ശ്രീ. കെ. വി. സുഭാഷ് കുമാർ,<br>ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് I,<br>ചിൽഡ്രൻസ് ഹോം ആന്റ് സ്പെഷ്യൽ ഹോം,<br>തിരുവനന്തപുരം | സൂപ്രണ്ട്<br>വൃദ്ധമന്ദിരം,<br>തൃശ്ശൂർ. | അപേക്ഷ. |
| 2 | ശ്രീ. വി. പ്രദീപ്<br>സീനിയർ സൂപ്രണ്ട്,<br>ജില്ലാ സാമൂഹ്യനീതി ഓഫീസ്,<br>കൊല്ലം | ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് I,<br>ചിൽഡ്രൻസ് ഹോം ആന്റ് സ്പെഷ്യൽ ഹോം,<br>തിരുവനന്തപുരം | അപേക്ഷ. |

(4) ഈ സാഹചര്യത്തിൽ നാലാം പരാമർശിത സെലക്ട് ലിസ്റ്റിൽ രണ്ടാം പേരുകാരനായ ശ്രീ. കെ. അശോകനെ 2015 വർഷത്തിൽ ഉണ്ടായിട്ടുള്ള ഒഴിവിൽ KS & SSR ചട്ടം 28 (ബി) (i) 9 ലെ വ്യവസ്ഥകൾക്ക് വിധേയമായി നിലവിലുള്ള ഒഴിവിലേക്ക് KS & SSR ചട്ടം 28 (എ) (i) പ്രകാരം ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് - I തസ്തികയിൽ 18740 - 33680 ശമ്പളസ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകി ചുവടെ ചേർത്തിരിക്കുന്ന പ്രകാരം നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>ഉദ്യോഗക്കയറ്റം :</u>

| ക്രമ നമ്പർ | ജീവനക്കാരന്റെ പേരും തസ്തികയും ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയവും | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തികയും കാര്യാലയവും | അഭിപ്രായം |
|---|---|---|---|
| 1 | ശ്രീ. കെ. അശോകൻ<br>സോഷ്യൽ സയന്റിസ്റ്റ്,<br>സാമൂഹ്യനീതി ഡയറക്ടറേറ്റ്. | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് - I<br><br>ആശാഭവൻ (മെൻ),<br>എറണാകുളം. | ഉദ്യോഗക്കയറ്റം |

(5) സ്ഥലംമാറ്റം അനുവദിക്കപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് ഉദ്യോഗക്കയറ്റ സമയത്ത് നൽകിയ അസൈൻമെന്റ് മാറ്റമില്ലാതെ നിലനിൽക്കുന്നതാണ്. മേൽ ഖണ്ഡിക (3) പ്രകാരമുള്ള സ്ഥലംമാറ്റം അനുവദിക്കുമ്പോഴും ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നും ഉദ്യോഗക്കയറ്റം ലഭിച്ച് ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1/ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് I/ ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ് I/ മേഖലാ സ്ത്രീധന നിരോധന ഓഫീസർ എന്നീ തസ്തികകളിൽ അസൈൻമെന്റ് ലഭിച്ചിട്ടുള്ളവരിൽ നിന്നും സീനിയർ സൂപ്രണ്ട് തസ്തികയിലേക്കും, സീനിയർ സൂപ്രണ്ട് തസ്തികയിൽ അസൈൻമെന്റ് ലഭിച്ചിട്ടുള്ളവരിൽ നിന്നും മേൽ പരാമർശിച്ച തസ്തികകളിലേക്കും പരസ്പരം മാറ്റി നിയമിച്ചിട്ടുള്ളവരുടെ എണ്ണം 8 വീതം തുല്യമായിരുക്കുന്നതാണ്.

(6) മേൽപരാമർശിച്ച പ്രകാരം ഉദ്യോഗക്കയറ്റം നൽകുമ്പോൾ 2012 ലെ കേരള സോഷ്യൽ വെൽഫെയർ സർവ്വീസ് ഭേദഗതി ചട്ടം 2(g) പ്രകാരം കാറ്റഗറി 8 ലെ ഓരോ വിഭാഗത്തിലെയും കേഡർ സ്ട്രെങ്ത്, നിലവിലുള്ള ജീവനക്കാർ, നിലവിലുള്ള ഒഴിവുകൾ എന്നിവ അടങ്ങുന്ന വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

| ഫീഡർ കാറ്റഗറി | ഫീഡർ കാറ്റഗറിയുടെ പേര് | കേഡർ സ്ട്രെങ്ത് | നിലവിലെ സ്ഥിതി | ഒഴിവുകൾ | അഭിപ്രായം |
|---|---|---|---|---|---|
| 1 | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് - II | 10 | 7 | 3 | |
| 2 | ജൂനിയർ സൂപ്രണ്ട് | 18 | 17 | 1 | |
| 3 | ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ് II/ സോഷ്യൽ സയന്റിസ്റ്റ്/ സൂപ്പർവൈസർ VTC തുടങ്ങിയവ | 9 | 6 | 3 | |

(7) ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരനെ ബന്ധപ്പെട്ട കാര്യാലയ മേധാവി ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും, ജീവനക്കാരൻ ഉദ്യോഗക്കയറ്റം ലഭിച്ച തസ്തികയിൽ ജോലിയിൽ പ്രവേശിച്ച്, വിടുതൽ/പ്രവേശനം എന്നിവ യഥാസമയം ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുള്ള ജീവനക്കാരന് നിയമാനുസൃത യാത്രാബത്തയ്ക്കും പ്രവേശന കാലത്തിനും അർഹതയുണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)
**സാമൂഹ്യനീതി ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്.

പകർപ്പ്:- (1) അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
(2) എല്ലാ മേഖലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും.
(3) എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.
(4) സൂപ്രണ്ട്, ചിൽഡ്രൻസ് ഹോം, ~~കൊല്ലം~~. തിരുവനന്തപുരം.
(5) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ഫിനാൻസ് ഓഫീസർ/ ലോ ഓഫീസർ.
(6) സാമൂഹ്യനീതി ഡയറക്ടറുടെ സി. എ. യ്ക്ക്
(7) ഇ1 മുതൽ ഇ13 സീറ്റ് വരെ/എ. സെക്ഷൻ/ബിൽ സെക്ഷൻ/IT സെക്ഷൻ.
(8) സ്റ്റോക്ക് ഫയൽ/സ്പെയർ.

ഉത്തരവിൻപ്രകാരം,

സൂപ്രണ്ട്.